കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല - തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് (കെ.എസ്.ആർ.ടിസി) സ്ഥലം ദാനയാധാരം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 488/2014/തസ്വഭവ തീയതി, തിരുവനന്തപുരം ,21.2.2014

---

പരാമർശം: 1) കെ.എസ്.ആർ.ടിസി ചെയർമാൻ &മാനേജിംഗ് ഡയറക്ടറുടെ 15/5/2013 തീയതിയിലെ ഇ.എസ്.5/010103/10 നമ്പർ കത്ത്

2)തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 22/5/2013 തീയതിയിലെ 19, 31/8/2013 തീയതിയിലെ 27നമ്പർ തീരുമാനങ്ങൾ

3)തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 29/7/2013 , 12/9/2013 തീയതികളിലെ എ2 28/1112നമ്പർ കത്തുകൾ

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി ഡിപ്പോ സ്ഥാപിക്കുന്നതിന് തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ തിരുവമ്പാടി വില്ലേജ് റീസ76,അൺസർവ്വേ 741/1എ1 എന്നിവയിൽപ്പെട്ട 1.75 ഏക്കർ ഭൂമി ആയത് സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സിയ്ക്ക് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് അനുമതി നൽകണമെന്ന് തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനിച്ച് പരാമർശം (3) പ്രകാരം സെക്രട്ടറി അപേക്ഷിച്ചു. ടി സ്ഥലം ദാനയാധാരം വഴിയാണ് കൈമാറേണ്ടതെന്ന് പരാമർശം (1) പ്രകാരം കെ.എസ്.ആർ.ടി.സി അറിയിച്ചിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് വക തിരുവമ്പാടി വില്ലേജ് റീസ76,അൺസർവ്വേ 741/1എ1 എന്നിവയിൽപ്പെട്ട 1.75 ഏക്കർ ഭൂമി ഡിപ്പോ സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സിയ്ക്ക് ദാനയാധാരം ചെയ്ത് നൽകുന്നതിന് ടി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ദാനയാധാരം രജിസ്റ്റർ ആകുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തും കെ.എസ്.ആർ.ടി.സിയുമായി ആശയവിനിമയം നടത്തി പൊതുജനങ്ങൾക്ക് ഡിപ്പോ / ബസ് സ്റ്റാന്റ് സ്ഥാപനത്തിൽ വിശ്രമ സ്ഥലം , ടോയ് ലറ്റ്, മൂത്രപ്പുര തുടങ്ങിയ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും , മറ്റ് ബസ് സ്റ്റാന്റുകളിൽ ഇപ്പോൾ ലഭ്യമായ അനുബന്ധ സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
കെ.കെ.രാജഗോപാലൻ നായർ,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് പിൻ 673 603
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്/ എൽബിഎ&എ) കേരള, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ഫോർട്ട്, തിരുവനന്തപുരം
ട്രാൻസ്പോർട്ട് വകുപ്പ് , ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ.